വീട്ടിലേക്കുള്ള വഴി തിരയുമ്പോൾ

സ്വപ്നത്തിന്റെ
ഒറ്റവരമ്പിലിരിക്കുന്നു ഞാൻ.

വീട്
വലിച്ചെറിയപ്പെട്ട
ഒരടുപ്പാകുന്നു.
ജാലകത്തിലൂടെ കാണാം,
ചിറകടികളെ കരിച്ചെടുത്ത്,
കിളിപ്പാട്ടുകളുടെ ഞെട്ടറുത്ത്
നാലുംകൂട്ടി മുറുക്കിത്തുപ്പുന്ന രാത്രിയെ.
പലതരം മഷികൾ പെയ്യുന്ന
പേനയുടെ ഭിത്തികൾ
തുറന്നെടുത്താൽ കാണാം
കവിതയുടെ ഭൂപടച്ചിതലുകൾ.
അവളും ഞാനും നീയും
പാതിരാക്കാഴ്ചകളൊന്നുമറിഞ്ഞില്ല.
വേനലിന്റെ ഒരുറുമ്പുവരി
മുറിച്ചുകടക്കുകയായിരുന്നു.

തോറ്റവർ ഒരു പുഴയായി
മലമുകളിലേക്ക് ഒഴുകി.
അജ്ഞാതമായ ദ്വീപുകൾ
യാത്രികരില്ലാത്ത കപ്പലുകളിലേറി
വെടിയൊച്ചകളിലേക്ക് പലായനം ചെയ്തു.
തിമിംഗലങ്ങളിൽ
അഭയാർഥിക്കുഞ്ഞുങ്ങൾ
കണ്ണാടി നോക്കി.

ജാലകത്തിലൂടെ കേൾക്കാം.
മഴവില്ലുകളുടെ പിടച്ചിൽ
പുഞ്ചിരികളെ വേവിച്ചെടുത്ത
നിലാവനക്കം.
പിഞ്ഞിയ താരാട്ടുകളുടെ
കുപ്പായം പൊള്ളുന്ന ഒച്ച.
രാത്രിയുടെ ചില്ലകളിൽ
സ്വപ്നങ്ങളുടെ കളിചിരി വർത്തമാനങ്ങൾ.

കരിഞ്ഞുണങ്ങിയ വാക്കുകൾക്കുള്ളിൽ
കവിതയുടെ പാമ്പ് ഇഴയുന്നു.

മിണ്ടാത്ത
മുറിയിലാണ് നാം.
മുറിഞ്ഞുപരക്കുന്ന അമ്മമണത്തിൽ
കറുത്ത ആകാശം
തൂങ്ങിക്കിടക്കുന്നു.....!

ഒറ്റയ്ക്കാവുമ്പോൾ
ഞാൻ
ഇലകൾ പടിയിറങ്ങിയ
മരമാവും.
നീ നീയെന്ന
തെരുവിന്റെ ചിത.
അവളോ,
സ്വന്തം ഹൃദയം പറിച്ചെടുത്ത്
ചെമ്പരത്തിപ്പൂവെന്ന്
അണയിടുന്ന ആകാശം.

പൂക്കാലമായി തിരിച്ചെത്തുന്നു
കാണാതായ ഒരു വിത്ത്.

പുറത്തോ ഒരു മഴ
വിയർത്തൊലിച്ച് ഇപ്പോഴും
ഉച്ചത്തിൽ കരയുന്നു.
ചിത്രങ്ങൾ നഷ്ടപ്പെട്ട
വരികളുടെ വിട്ടുവരമ്പിലിരുന്ന്
നമ്മളാ മഴക്കാലം നനയുന്നു.

അമ്മ
ചിരിയൊഴിഞ്ഞ വരാന്ത
ഉടലറ്റ നൃത്തം
അറ്റുവീണൊരു നക്ഷത്രം.

നമുക്കറിയാം,
കാത്തിരിപ്പിന്റെ കടൽ
നമ്മളിൽ ഉപ്പിയ്ക്കുന്നു.

—